Loose
web & return

3399
26/02

# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല - പതിനൊന്നാം പദ്ധതി - 2008-09 ബഡ്ജറ്റ് വിഹിതം - പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) 2882/08 / തസ്വഭവ തിരുവനന്തപുരം , തീയതി , 24.07.2008

---

പരാമർശം :- 1. സർക്കാരിന്റെ 12.3.07-ലെ 7627/ഡി.പി.2/07/തസ്വഭവ നമ്പർ സർക്കുലർ.
2. സർക്കാരിന്റെ 25.03.08-ലെ 20827/ഡി.എ.2/07/തസ്വഭവ നമ്പർ കത്ത്.
3. കിനാനൂർ- കരിന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 3.05.08-ലെ എ 1535/07 നമ്പർ കത്ത്.
4. 30.06.08-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിലെ ഐറ്റം 3.15 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

കണ്ണൂർ , കാസർഗോഡ് ജില്ലകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടിരുന്ന വേട്ടുവ സമുദായത്തെ ഡബ്ല്യൂ.പി.(സി.)നം.29193/04 -ന്മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 30.06.04-ലെ വിധിന്യായപ്രകാരം മലവേട്ടുവൻ സമുദായമായി അംഗീകരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും പട്ടികജാതി വിഭാഗത്തിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്തതിനെ തുടർന്ന് 2006-07ൽ ടി ജില്ലകളിലെ വേട്ടുവ സമുദായത്തിലെ അംഗങ്ങൾക്ക് , പ്രത്യേക ഘടക പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളും സബ്സിഡി മാനദണ്ഡങ്ങളും അനുസരിച്ച് മാത്രമേ പ്രോജക്ടുകൾ നടപ്പാക്കാൻ പാടുള്ളു എന്ന വ്യവസ്ഥയിന്മേൽ പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്ന് ആനുകൂല്യം നൽകുന്നതിന് പരാമർശം (1)-ലെ സർക്കുലർ പ്രകാരം അനുമതി നൽകിയിരുന്നു. 2007-08 വർഷത്തിലും ഇതേ വിഷയത്തിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

2008-09 സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം ജനസംഖ്യാനുപാതികമായി പുന:ക്രമീകരിച്ച് നൽകണമെന്നുള്ള കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (3)-ലെ അപേക്ഷയിന്മേൽ 30.06.08-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ പരാമർശം (4)-ലെ ഐറ്റം 3.15 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

" കാസർഗോഡ് ജില്ലയിലെ വേട്ടുവ സമുദായത്തെ പട്ടികവർഗ്ഗ സമുദായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആ സമുദായത്തെ പട്ടികജാതി വിഭാഗമായി കണക്കാക്കിയാണ് 2008-09 വാർഷിക പദ്ധതിയിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഘടക പദ്ധതി പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്. വിഹിതങ്ങൾ പുനഃക്രമീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ വേട്ടുവ സമുദായത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് പ്രത്യേകഘടക പദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗക്കാർക്ക് നിശ്ചയിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുന്നതിന് അനുമതി നൽകുന്നു. "

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , കണ്ണൂർ/കാസർഗോഡ്.
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) കണ്ണൂർ/കാസർഗോഡ്.
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
ജില്ലാ പ്ലാനിംഗ് ഓഫീസർ , കണ്ണൂർ / കാസർഗോഡ്.
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, ലൂക്ക്സ് ലേൻ, ടി.സി.നം.25/2727(4), തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാ ആസൂത്രണസമിതി, കണ്ണൂർ / കാസർഗോഡ്.
ഡയറക്ടർ ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ , ഐ.കെ.എം.(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിന്.)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ആസൂത്രണ സാമ്പത്തിക വകുപ്പ് /ധനകാര്യ വകുപ്പ്/ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്.
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.